**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1416** **08-12-2022 - ൽ മറുപടിയ്ക്ക്**

**വിനോദസഞ്ചാര മേഖലയുടെ പുനരുജ്ജീവനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. പി. എ. മജീദ്,<br>ശ്രീ . പി . ഉബൈദുള്ള ,<br>ശ്രീ. യു.എ.ലത്തീഫ്,<br>ശ്രീ. അബ്ദുൽ ഹമീദ് പി | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കോവിഡ് മൂലം പ്രതിസന്ധിയിലായിരുന്ന വിനോദസഞ്ചാര മേഖലയുടെ പുനരുജ്ജീവനത്തിനായി എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | (എ) | കോവിഡ്, കേരളത്തിലെ ടൂറിസം മേഖലയെ സാരമായി ബാധിച്ചിട്ടുണ്ട്. കോവിഡ് കാരണം ഉണ്ടായ തൊഴിൽ നഷ്ടത്തിന്റെ ആഘാതം പരിഹരിക്കുവാൻ ഈ രംഗത്ത് പ്രവർത്തിക്കുന്ന ബിസ്സിനസ്സ് യൂണിറ്റുകളുടെ അതിജീവനം ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി ടൂറിസം സംരംഭകർക്ക് ബാങ്കുകളുമായി ചേർന്ന് കുറഞ്ഞ പലിശനിരക്കിൽ വായ്പ ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ ടൂറിസം മേഖലയിൽ തൊഴിൽ എടുക്കുന്നവർക്ക് കുറഞ്ഞ പലിശ നിരക്കിൽ വായ്പ ലഭ്യമാക്കുന്നതിനുള്ള ഒരു പദ്ധതിയ്ക്കും ടൂറിസം വകുപ്പ് രൂപം നൽകിയിട്ടുണ്ട്. ഈ രണ്ട് പദ്ധതികൾ അനുസരിച്ച് വായ്പയുടെ അമ്പത് ശതമാനം പലിശ സർക്കാരാണ് വഹിക്കുന്നത്. ഇത് കൂടാതെ ഹൗസ് ബോട്ടുകൾക്ക് മെയിന്റനൻസിനായി ഒറ്റത്തവണ സഹായവും ഗൈഡുകൾക്കായി പ്രത്യേക സാമ്പത്തിക സഹായവും കോവിഡ് കാലയളവിൽ നൽകിയിട്ടുണ്ട്. ഇത് കൂടാതെ ടൂറിസം മേഖലയിൽ തൊഴിൽ ചെയ്യുന്ന ജീവനക്കാർക്കായി ഒരു റിവോൾവിംഗ് ഫണ്ടിന് രൂപം നൽകിയിട്ടുണ്ട്. ഇതനുസരിച്ച് ഓരോ തൊഴിലാളിയ്ക്കും പതിനായിരം രൂപ വരെ പലിശ രഹിത വായ്പയായി ലഭ്യമാക്കുന്നുണ്ട്. ആയിരം പേർക്ക് റിവോൾവിംഗ് ഫണ്ട് പ്രകാരമുള്ള സാമ്പത്തിക സഹായം നൽകികഴിഞ്ഞു. പദ്ധതി ഇപ്പോഴും മുന്നോട്ട് പോകുന്നു.<br><br>അതോടൊപ്പം തന്നെ ഈ മേഖലയുടെ വളർച്ച ലക്ഷ്യമിട്ട് നിരവധി പുതിയ പദ്ധതികൾക്കും രൂപം നൽകിയിട്ടുണ്ട്. കാരവൻ ടൂറിസം പോലുള്ള പുതിയ |

| | | | |
|---|---|---|---|
| | | | പദ്ധതികൾ അവതരിപ്പിച്ചതും ഈ മേഖലയ്ക്ക് ഗുണകരമായിട്ടുണ്ട്.<br><br>നമ്മുടെ നാട് സന്ദർശിക്കുന്ന വിനോദസഞ്ചാരികൾക്ക് ആത്മവിശ്വാസം പകരുവാൻ കേരളം സുരക്ഷിതമാണെന്ന് അറിയിച്ച് വിവിധ പ്രചരണ പ്രവർത്തനങ്ങളും ടൂറിസം വകുപ്പ് നടപ്പാക്കിവരുന്നു.<br><br>ടൂറിസം വകുപ്പ് പുതുതായി തുടങ്ങിയ താഴെപ്പറയുന്ന പ്രചരണ പരിപാടികളെല്ലാം തന്നെ ഈ മേഖലയുടെ പുനരുജ്ജീവനം മുന്നിൽകണ്ടാണ്. സോഷ്യൽ മീഡിയ റീ അഷ്വറൻസ് ക്യാമ്പയിൻ<br><br>കേരള ഡ്രൈവ് ഹോളിഡെയ്സ്<br><br>ലോംഗ് സ്റ്റെയ്സ് ഇൻ കേരള<br><br>ഹോംസ്റ്റേ പ്രമോഷൻ<br><br>ഹണിമൂൺ ഹോളിഡെയ്സ്<br><br>കാരവൻ ടൂറിസം പ്രമോഷൻ<br><br>ചെയ്ഞ്ച് ഓഫ് എയർ ക്യാമ്പയിൻ<br><br>ഫാം ടിപ്പുകൾ<br><br>വിവിധ ദേശീയ അന്തർദേശീയ ഫെയറുകളിലെ പ്രാതിനിധ്യം |
| (ബി) | വിനോദസഞ്ചാര മേഖലയ്ക്ക് സമ്പൂർണ്ണ വ്യവസായ പദവി നൽകണമെന്ന നിർദേശം പരിഗണനയിലുണ്ടോ; എങ്കിൽ ഇത് എന്ന് മുതൽ നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത്; | (ബി) | പരിഗണനയിലുണ്ട്. വിനോദസഞ്ചാര മേഖലയ്ക്ക് വ്യവസായ പദവി നൽകുന്നതുമായി ബന്ധപ്പെട്ട ആവശ്യം സർക്കാർ ബന്ധപ്പെട്ട വകുപ്പുകളുമായി ചർച്ച ചെയ്തു വരികയാണ്. |
| (സി) | ഇതുമൂലം വിനോദസഞ്ചാര മേഖലയ്ക്ക് ഉണ്ടാകുന്ന നേട്ടങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ? | (സി) | വിനോദസഞ്ചാര മേഖലയിലേയ്ക്ക് കൂടുതൽ നിക്ഷേപങ്ങൾ ആകർഷിക്കപ്പെടുകയും തൊഴിലവസരം സൃഷ്ടിക്കുകയും ചെയ്യുമെന്നാണ് വിലയിരുത്തൽ. ടൂറിസം മേഖലയിൽ വലിയ വളർച്ച ഇതുവഴി ലക്ഷ്യമിടുകയാണ്. |

സെക്ഷൻ ഓഫീസർ